Short List – Driver Gr-II (HDV- Ex-serviceman only)
NCC/Sainik Welfare Dept.

# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, കണ്ണൂർ.

ചുരുക്ക പട്ടിക നമ്പർ: 5/2009/DOC. കണ്ണൂർ,
കാറ്റഗറി നമ്പർ : 25/2007 23.06.2009.

## <u>വിജ്ഞാപനം</u>

**14.02.2007** ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കണ്ണൂർ ജില്ലയിൽ എൻ.സി.സി/സൈനിക ക്ഷേമ വകുപ്പിൽ **4990 – 7990**/– രൂപ ശമ്പള നിരക്കിൽ ഡ്രൈവർ ഗ്രേഡ്–2 (എച്ച്.ഡി.വി) (വിമുക്തഭടന്മാരിൽ നിന്നു മാത്രം) (കാറ്റഗറി നമ്പർ **25/2007**) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 09.05.2008 തീയതിയിൽ നടത്തിയ ഒബ്ജക്റ്റീവ് (ഒ.എം.ആർ മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ സംയോജിത ചുരുക്ക പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്കു മുൻപിൽ ‘C’ കൂടി ചേർത്ത് വായിക്കേണ്ടതാണ്.

## <u>സംയോജിത ചുരുക്കപ്പട്ടിക</u>

| | | | | | |
|---|---|---|---|---|---|
| 100001 | 100004 | 100005 | 100006 | 100008 | 100009 |
| 100010 | 100011 | 100012 | 100013 | 100014 | 100015 |
| 100016 | 100017 | 100018 | 100019 | 100020 | 100022 |
| 100024 | 100025 | 100026 | 100027 | 100028 | 100029 |
| 100030 | | | | | |

<u>കുറിപ്പ്:</u>

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

(തുടർച്ച. . . . . . .)

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) കമ്മീഷൻ നടത്തിയ പരീക്ഷയിൽ **38** (മുപ്പത്തിഎട്ട്) ഉം അതിൽ കൂടുതലും മാർക്ക് നേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തി മുഖ്യ പട്ടികയും ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടികകളും ഉൾപ്പെടുത്തിയാണ് ഈ സംയോജിത ചുരുക്ക പട്ടിക തയ്യാറാക്കിയിരിക്കുന്നത്.

4) ചുരുക്ക പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് ഈ തസ്തികയ്ക്ക് ഗസറ്റിൽ നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയടക്കമുള്ള യോഗ്യതകൾ (നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും മൂന്നു വർഷത്തെ പരിചയവുമടക്കം), ജനനത്തീയതി, ജാതി, വിമുക്തഭടന്മാർക്കുള്ള ആനുകൂല്യങ്ങൾ മുതലായവ തെളിയിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ ആയത് തെളിയിക്കുന്നതിനും ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പും പ്രായോഗിക പരീക്ഷയ്ക്ക് മുന്നോടിയായുള്ള സർട്ടിഫിക്കറ്റുകളുടെ പരിശോധനാ സമയത്ത് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളെയും പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

5) പ്രായോഗിക പരീക്ഷയ്ക്കുള്ള തീയതി, സമയം, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. പ്രായോഗിക പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള ദിവസം ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് സ്വന്തം ചെലവിൽ കമ്മീഷൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഹാജരാകേണ്ടതാണ്.

6) പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ ശാരീരിക യോഗ്യതകളുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ, ഗസറ്റ് വിജ്ഞാപനത്തിൽ കൊടുത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ നിശ്ചിത മാതൃകയിലുള്ള ഫോറം പ്രായോഗിക പരീക്ഷയ്ക്കുള്ള മെമ്മോയോടൊപ്പം അയക്കുന്നതാണ്.

7) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസ് പുനപരിശോധന റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

(ഉത്തരവിൻ പ്രകാരം)

(ഒപ്പ്)
സുശീലാമ്മ. കെ.ജി
ജില്ലാ ആഫീസർ
കെ.പി.എസ്.സി.ജില്ലാ ആഫീസ്,കണ്ണൂർ

Nkp/c5/25/6/09.